# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
### ഒളവണ്ണ ഗ്രാമപഞ്ചായത്ത്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1744      31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കോഴിക്കോടൻ കുന്ന് പ്രദേശം വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെത്തുടർന്ന് നാട്ടുകാർ പ്രക്ഷോഭപാതയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തിൽ ഉൾപ്പെടുന്ന ജനവാസ കേന്ദ്രമായ മൂന്ന് വാർഡുകളിൽ പുതിയ വീട് നിർമ്മിക്കുന്നതിനോ, പുതുക്കിപ്പണിയുന്നതിനോ അനുമതി ലഭിക്കാത്തതുകാരണം ഉണ്ടായ പ്രയാസം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) & (സി) | അംഗീകരിച്ച മാസ്റ്റർ പ്ലാൻ ഫോർ കോഴിക്കോട് അർബൻ ഏരിയായിൽ ഉൾപ്പെട്ടിട്ടുള്ള ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ പ്രമോഷൻ സോണിൽ പുതിയ വാസഗൃഹ നിർമ്മാണങ്ങൾ സാധ്യമല്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് ബിൽറ്റ് അപ്പ് ഏരിയായുടെ 50% വരെ അധികരിച്ചുകൊണ്ട് പുനർ നിർമ്മാണം നടത്താനും കൂട്ടിച്ചേർക്കൽ വരുത്തുവാനും അനുവദിക്കുന്നതാണ്. കേരള നഗരഗ്രാമാസൂത്രണ ആക്ട് സെക്ഷൻ 50(3) ഗസറ്റ് വിജ്ഞാപനം വഴി ആക്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി അനുമതി നൽകപ്പെട്ട പ്ലാനിൽ വ്യതിയാനം വരുത്താവുന്നതാണ്. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ കോഴിക്കോടൻ കുന്നിൻ പ്രദേശം മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വ്യവസായ മേഖലയായി പ്രഖ്യാപിച്ചതിനെ തുടർന്ന് പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ജനവാസ മേഖലയായ ഒളവണ്ണ ഗ്രാമപഞ്ചായത്തിനെ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ